ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ:LSGD/PD/61109/2023-DB5 തീയതി: 15-09-2025

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ. - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - പ്രവൃത്തികൾ പൂർത്തീകരിക്കാതെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന: 1. ബഹു. സർക്കാർ ഉത്തരവ് (സാ.ധാ) നം. 738/2025/LSGD തിരുവനന്തപുരം, തി 03-2025

തദ്ദേശസ്ഥാപനങ്ങളിലെ വാർഷിക പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുവാൻ സാധിക്കാത്തവ, തുടർന്നും ആവശ്യമായി വരുന്ന സാഹചര്യത്തിൽ അത്തരം പ്രവൃത്തികൾ SPILLOVER ആയി ഉൾപ്പെടുത്തി വരുന്നുണ്ട്. എന്നാൽ സുലേഖ സോഫ്റ്റ്‌വെയറിൽ അത്തരം പ്രവൃത്തികളുടെ പൂർത്തീകരണം (COMPLETION CERTIFICATE ) രേഖപ്പെടുത്തുന്നത് വഴി അവ SPILLOVER പ്രവൃത്തിയായി ഉൾപ്പെടുത്തുവാൻ കഴിയാതെ വരികയും തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയാത്തതുമായ സാഹചര്യങ്ങൾ പലയിടങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇത്തരം വീഴ്ചകൾ മേലിൽ ആവർത്തിക്കരുതെന്നുള്ള കർശന നിർദ്ദേശം സൂചന(1) ഉത്തരവ് പ്രകാരം നല്കിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ ജാഗ്രത പാലിക്കേണ്ടതാണ് .

വിശ്വസ്തതയോടെ,
Sandeep K G
CHIEF ENGINEER

ഉള്ളടക്കം : 1. സൂചന

Signed by
Sandeep K G
Date: 15-09-2025 13:30:10

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല- ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിൽ നടത്തിയ പ്രവൃത്തികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തി കരാറുകാരന് ടെണ്ടർ എക്സസ് നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.738/2025/LSGD തീയതി,തിരുവനന്തപുരം, 19-03-2025

---

പരാമർശം:-

1) ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് സമിതിയുടെ 30/05/2023 ലെ 25-ാം നമ്പർ തീരുമാനം

2) ആലപ്പുഴ ജില്ല പ്ലാനിംഗ് ഓഫീസറുടെ 11/9/2024 ലെ കത്ത്

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 ൽ കൂടിയ യോഗത്തിലെ 4.47-ാം നമ്പർ തീരുമാനം

ഉത്തരവ്

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ചുവടെ പറയുന്ന 10 നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കിയിരുന്നു. സുലേഖ സോഫ്റ്റ്‌വെയറിൽ ടി പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം രേഖപ്പെടുത്തിയെങ്കിലും ഇവയ്ക്ക് നൽകേണ്ട ടെണ്ടർ എക്സസ് നൽകിയിരുന്നില്ല. ടി പ്രവൃത്തികളുടെ ആകെ ടെണ്ടർ എക്സസ് തുക 2,08,995/- രൂപയാണെന്നും ടി തുക നൽകാൻ അനുമതി തേടിയപ്പോൾ ഓരോ പ്രവൃത്തികളും സ്പിൽ ഓവറായി സമർപ്പിക്കാൻ ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ചു. എന്നാൽ പൂർത്തീകരണപത്രം രേഖപ്പെടുത്തിയതിനാൽ ടി പ്രവൃത്തികൾ സ്പിൽഓവർ പ്രോജക്ടായി എടുക്കാൻ സാങ്കേതികമായി കഴിയില്ലെന്നും ആയതിനാൽ ടി പ്രവൃത്തികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തി കരാറുകാരന് ടെണ്ടർ എക്സസ് നൽകാൻ അനുമതി സംബന്ധിച്ച വിഷയത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/05/2025 ൽ ചേർന്ന യോഗത്തിന്റെ അനുമതി തേടുകയുണ്ടായി.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വിഹിതം | ടെണ്ടർ എക്സസ് |
|---|---|---|---|
| 1 | ചെല്ലേടത്തു ഭാഗം റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 24,667 രൂപ |
| 2 | ശോശ ITC അങ്കണവാടി റോഡ് | " | 24,763 രൂപ |
| 3 | അങ്കണവാടി കരുവാട്ടിൽ റോഡ് | " | 24,178 രൂപ |
| 4 | കാവുങ്കൽ കോപ്പുഴ റോഡ് ടാറിംഗ് | " | 7,765 രൂപ |
| 5 | പുതുപള്ളിക്കാവ് കൊട്ടുകാളിക്കൽ റോഡ് | " | 18,210 രൂപ |

| | | | |
|---|---|---|---|
| 6 | ചെങ്ങണ്ട SNDP റോഡ് ടാറിംഗ് | " | 23,760 രൂപ |
| 7 | തൈക്കൂട്ടത്തിൽ റോഡ് ടാറിംഗ് | " | 16,347 രൂപ |
| 8 | തിരുനെല്ലൂർ കായൽ റോഡ് ടാറിംഗ് | " | 20,700 രൂപ |
| 9 | പനവേലിൽ നികർത്തിൽ റോഡ് ടാറിംഗ് | " | 24,058 രൂപ |
| 10 | കോപ്പായി സ്വാഗതം റോഡ് ടാറിംഗ് | " | 24,547 രൂപ |

മേൽ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ31/01/2025 ന് ചേർന്ന യോഗം പരിശോധിക്കുകയും ടി പ്രവൃത്തികളുടെ കരാറിൽ ടെണ്ടർ എക്സസ് നൽകാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ച സാഹചര്യത്തിൽ ടി പ്രവൃത്തികൾ ഓരോന്നും സ്പിൽ ഓവറായി ഉൾപ്പെടുത്തി അനുവദനീയമായ ടെണ്ടർ എക്സസ് നൽകുന്നതിനു പകരം ഓരോ പ്രോജക്ടിന്റേയും വിശദാംശങ്ങളും ടെണ്ടർ എക്സസ് തുകയും ഉൾപ്പെടുത്തി പുതിയതായി ഒരു പ്രോജക്ട് മാത്രം എടുത്ത് തുക നൽകുന്നതിന് അനുമതി നൽകിയും, പ്രവൃത്തികൾ പൂർത്തീകരിക്കാതെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയതുപോലുള്ള വീഴ്ച ഇനി ആവർത്തിക്കരുതെന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ (ഡി.ബി2/135/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Smitha. L
Date: 19-03-2025 22:53:05